# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4153** **25.06.2018 ലെ മറുപടി**

## കല്ലടയിലെ ഒരു സ്ഥിരം തടയണ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ മണിയാണിരിക്കടവ് പാലത്തിന് താഴെ കല്ലടയിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;<br><br>(ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ പദ്ധതിക്കായി ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ; | (എ) യും (ബി) യും | പ്രസ്തുത പ്രവർത്തിക്കായി 136 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി തുടർനടപടി സ്വീകരിച്ചുവരുന്നു. |
| (സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ഇതിനായി നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ ; | | ബാധകമല്ല |
| (ഡി) പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് സർക്കാരും ചീഫ് എഞ്ചിനീയറും (ജലസേചനവും ഭരണവും) എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ? | | ടി പ്രവൃത്തിയുടെ സാങ്കേതിക വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (ഐ&എ) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ